സി.ജി.(3) 39217/13

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി. **30/8/2013**

**Email : keralarcs.coop@kerala.gov.in**
**Website : www. cooperation. kerala.gov.in**
**Tel : No. 0471 2330726**

# സർക്കുലർ നമ്പർ 53/2013

വിഷയം: സഹകരണ വകുപ്പ്-കേരള സഹകരണ ചട്ടം ഭേദഗതി അർബൻ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ പരിഷ്കരിക്കുന്നത്-മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന : 1)സർക്കാരിന്റെ 1.1.2010 ലെ ജി.ഒ.(പി) 02/2010/സഹ.നമ്പർ ഉത്തരവ്
2) സർക്കാരിന്റെ 31.12.2010 ലെ ജി.ഒ.(പി) 225/2010/സഹ.നമ്പർ ഉത്തരവ്
3) സർക്കാരിന്റെ 19.1.2013 ലെ ജി.ഒ.(പി) 12/2013/സഹ.നമ്പർ ഉത്തരവ്.

അർബൻ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് കേരള സഹകരണ നിയമത്തിൽ ഭേദഗതി വരുത്തി സൂചന (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി ക്ലാസിഫിക്കേഷൻ വിജ്ഞാപനത്തിലെ ചില വ്യവസ്ഥകൾ സൂചന 2,3 പ്രകാരം ഭേദഗതി ചെയ്യുകയുണ്ടായി. സൂചന ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം സൂചന (3) ഉത്തരവ് തീയതി മുതൽ 3 മാസത്തിനകം ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ജില്ലകളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ സംസ്ഥാനത്തൊട്ടാകെ അർബൻ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ പരിഷ്കരിക്കുന്ന നടപടി പൂർത്തിയാത്തിയിട്ടില്ലെന്നു വിലയിരുത്താവുന്നതാണ്. ഈ സാഹചര്യത്തിൽ അർബൻ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സൂചന 1,2,3 ഉത്തരവുകളിലെ വ്യവസ്ഥകൾക്കനുസരിച്ച് അർബൻ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയിക്കേണ്ടതാണ്.
2) അർബൻ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ പുനർനിർണ്ണയിച്ച് അംഗീകാരം ലഭിക്കുന്നതിലേയ്ക്കായി ബാങ്കിന്റെ അപേക്ഷയോടൊപ്പം ബാങ്കിന്റെ ചീഫ് എക്സിക്യൂട്ടിവ് ഓഫീസറും ആഡിറ്ററും സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട പ്രൊഫോർമ വിവരങ്ങൾ കൂടി സമർപ്പിക്കേണ്ടതാണ്.
3) ബാങ്കിന്റെ അപേക്ഷ അനുബന്ധങ്ങൾ സഹിതം ജോയിന്റ് രജിസ്ട്രാർ (ജനറൽ)ക്ക് സമർപ്പിക്കേണ്ടതാണ്.
4) ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ തങ്ങളുടെ നിയന്ത്രണാധികാരത്തിൽ വരുന്ന അർബൻ ബാങ്കുകളുടെ അപേക്ഷയിന്മേൽ വിശദമായ പരിശോധനയ്ക്കുശേഷം ശുപാർശ സഹിതം വ്യക്തമായ റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.
5) ജോയിന്റ് രജിസ്ട്രാർ(ജനറൽ)ന്റെ മുൻകൂർ അനുമതിയോടെ മാത്രമേ ബാങ്കുകൾ പുനർ നിർണ്ണിയിച്ച ക്ലാസിഫിക്കേഷൻ നടപ്പിലാക്കാൻ പാടുള്ളു.
6) പുതുക്കിയ വ്യവസ്ഥകൾക്കനുസൃതമായി ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയിക്കുന്നതിന് ബാങ്കുകൾ മുൻ വർഷത്തെ ഓരോ മാസാവസാനത്തേയും പ്രവർത്തന മൂലധനം, നിക്ഷേപം, വായ്പ എന്നിവയുടെ ആവറേജ് കണക്കിലെടുക്കേണ്ടതാണ്.

7) അർബൻ സഹകരണ ബാങ്കുകൾ ചുവടെ പറയും ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയിക്കേണ്ടതാണ്.

| | | |
|---|---|---|
| ക്ലാസ് I (സ്പെഷ്യൽ ഗ്രേഡ്) | | |
| 1. | പ്രവർത്തന മൂലധനം | 30 കോടി രൂപയും അതിനുമുകളിലും |
| 2. | നിക്ഷേപം | 28 കോടി രൂപയും അതിനുമുകളിലും |
| 3. | വായ്പ ബാക്കി നിൽപ് | 23 കോടി രൂപയും അതിനുമുകളിലും |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ എ.ക്ലാസ് |
| 5 | സി.ആർ.എ.ആർ | 9 ശതമാനവും അതിനുമുകളിലും |
| 6 | എൻ.പി.എ | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 10 ശതമാനത്തിൽ താഴെ |
| 7 | ലാഭം | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 2 വർഷം |
| 8 | ഡിവിഡന്റ് പ്രഖ്യാപനം | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 2 വർഷം |
| ക്ലാസ് I | | |
| 1. | പ്രവർത്തന മൂലധനം | 25 കോടി രൂപയും അതിനുമുകളിലും |
| 2. | നിക്ഷേപം | 20 കോടി രൂപയും അതിനുമുകളിലും |
| 3. | വായ്പ ബാക്കി നിൽപ് | 15 കോടി രൂപയും അതിനുമുകളിലും |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ എ.ക്ലാസ് |
| 5 | സി.ആർ.എ.ആർ | 9 ശതമാനവും അതിനുമുകളിലും |
| 6 | എൻ.പി.എ | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 10 ശതമാനത്തിൽ താഴെ |
| 7 | ലാഭം | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 2 വർഷം |
| 8 | ഡിവിഡന്റ് പ്രഖ്യാപനം | തൊട്ടുമുമ്പുള്ള 3 വർഷങ്ങളിൽ 2 വർഷം |
| ക്ലാസ് II | | |
| 1. | പ്രവർത്തന മൂലധനം | 20 കോടി രൂപയും അതിനുമുകളിലും |
| 2. | നിക്ഷേപം | 15 കോടി രൂപയും അതിനുമുകളിലും |
| 3. | വായ്പ ബാക്കി നിൽപ് | 10 കോടി രൂപയും അതിനുമുകളിലും |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | AorB |
| 5 | സി.ആർ.എ.ആർ | 8 ശതമാനവും അതിനുമുകളിലും |
| 6 | എൻ.പി.എ | തൊട്ടുമുമ്പുള്ള 2 വർഷങ്ങളിൽ 10 ശതമാനത്തിൽ താഴെ |
| 7 | ലാഭം | തൊട്ടുമുമ്പുള്ള 2 വർഷങ്ങളിൽ |
| 8 | ഡിവിഡന്റ് പ്രഖ്യാപനം | തൊട്ടുമുമ്പുള്ള 2 വർഷങ്ങൾ |

| | | |
|---|---|---|
| . ക്ലാസ് III | | |
| 1. | പ്രവർത്തന മൂലധനം | 15 കോടി രൂപയും അതിനുമുകളിലും |
| 2. | നിക്ഷേപം | 10 കോടി രൂപയും അതിനുമുകളിലും |
| 3. | വായ്പ ബാക്കി നിൽപ് | 7.5 കോടി രൂപയും അതിനുമുകളിലും |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | AorB |
| 5 | സി.ആർ.എ.ആർ | 7 ശതമാനവും അതിനുമുകളിലും |
| 6 | എൻ.പി.എ | തൊട്ടുമുമ്പുള്ള 2 വർഷങ്ങളിൽ 10 ശതമാനത്തിനുമുകളിൽ 15 ശതമാനത്തിനു താഴെ |
| 7 | ലാഭം | തൊട്ടുമുമ്പുള്ള 2 വർഷങ്ങളിൽ |
| 8 | ഡിവിഡന്റ് പ്രഖ്യാപനം | തൊട്ടുമുമ്പുള്ള വർഷങ്ങൾ |
| ക്ലാസ് IV | | |
| 1. | പ്രവർത്തന മൂലധനം | 10 കോടി രൂപയും അതിനുമുകളിലും |
| 2. | നിക്ഷേപം | 8 കോടി രൂപയും അതിനുമുകളിലും |
| 3. | വായ്പ ബാക്കി നിൽപ് | 6 കോടി രൂപയും അതിനുമുകളിലും |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | AorB |
| 5 | സി.ആർ.എ.ആർ | 7 ശതമാനവും അതിനുമുകളിലും |
| 6 | എൻ.പി.എ | തൊട്ടുമുമ്പുള്ള വർഷം 15 ശതമാനത്തിനും 20 ശതമാനത്തിനുമിടയിൽ |
| 7 | ലാഭം | തൊട്ടുമുമ്പുള്ള വർഷങ്ങളിൽ |
| 8 | ഡിവിഡന്റ് പ്രഖ്യാപനം | തൊട്ടുമുമ്പുള്ള വർഷങ്ങളിൽ |
| . ക്ലാസ് V | | |
| 1. | പ്രവർത്തന മൂലധനം | 5 കോടി രൂപയും അതിനുമുകളിലും |
| 2. | നിക്ഷേപം | 3.5 കോടി രൂപയും അതിനുമുകളിലും |
| 3. | വായ്പ ബാക്കി നിൽപ് | 3 കോടി രൂപയും അതിനുമുകളിലും |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | Bയിൽ കുറയരുത് |
| 5 | സി.ആർ.എ.ആർ | 7 ശതമാനം |
| 6 | എൻ.പി.എ | തൊട്ടുമുമ്പുള്ള വർഷം 15 ശതമാനത്തിനും 20 ശതമാനത്തിനുമിടയിൽ |
| 7 | ലാഭം | തൊട്ടുമുമ്പുള്ള വർഷങ്ങളിൽ ഒരു വർഷമെങ്കിലും |
| 8 | ഡിവിഡന്റ് പ്രഖ്യാപനം | തൊട്ടുമുമ്പുള്ള വർഷങ്ങളിൽ ഒരു വർഷമെങ്കിലും |

| ക്ലാസ് VI | | |
|---|---|---|
| 1. | പ്രവർത്തന മൂലധനം | 2.5 കോടി രൂപയും അതിനുമുകളിലും 5 കോടി വരെ |
| 2. | നിക്ഷേപം | 1 കോടി രൂപയും അതിനുമുകളിലും 3.5 കോടി വരെ |
| 3. | വായ്പ ബാക്കി നിൽപ് | 1.5 കോടി രൂപയും അതിനുമുകളിലും 3 കോടി വരെ |
| 4 | ആഡിറ്റ് ക്ലാസിഫിക്കേഷൻ | സി അല്ലെങ്കിൽ ഡി |
| 5 | സി.ആർ.എ.ആർ | 7 ശതമാനം |
| 6 | എൻ.പി.എ | വായ്പാ ബാക്കി നിൽപ്പിന്റെ 20% –ൽ അധികം |

8) പുനർ നിർണ്ണയിക്കപ്പെട്ട ക്ലാസിഫിക്കേഷൻ അനുസരിച്ച് അനുവദനീയമായ സ്റ്റാഫ് പാറ്റേൺ ഹെഡ് ആഫീസ് ശാഖ ഉൾപ്പെടെ ആയിരിക്കുന്നതാണ്.

9) ഓരോ ശാഖയ്ക്കും പരമാവധി ഒരു ശാഖ മാനേജർ ഒരു ക്ലാർക്ക് ഒരു പ്യൂൺ എന്നീ തസ്തികകൾ ശാഖാ പ്രവർത്തനം വിലയിരുത്തി രജിസ്ട്രാറുടെ മുന്നനുവാദത്തോടു കൂടി കണക്കാക്കി അനുവദിക്കാവുന്നതാണ്.

10) അടിസ്ഥാന ലെവൽ ആയ 200 രസീത്/വൗച്ചർ/സ്ലിപ്പ് മുകളിൽ കൈകാര്യം ചെയ്യുന്ന ഓരോ 100 വൗച്ചർ/രസീത്/സ്ലിപ്പുകൾക്കും 4 കോടി രൂപ നിക്ഷേപത്തിന് മുകലിലുള്ള ഓരോ രണ്ട് കോടി രൂപയുടെ വർദ്ധനവും കൈകാര്യം ചെയ്യുന്ന ശാഖകളിലും ജൂനിയർ ക്ലാർക്കിന്റെ ഓരോ തസ്തിക അധികമായി അനുവദിക്കാവുന്നതാണ്.

11) ഖണ്ഡിക 9 പ്രകാരം അനുവദിക്കാവുന്ന തസ്തികകളിൽ ഓരോ 4 തസ്തികകളെ രജിസ്ട്രാറുടെ അനുമതിയോടെ ഒരു സീനിയർ അക്കൗണ്ടന്റ്, 1 ജൂനിയർ അക്കൗണ്ടന്റ്, 2 ജൂനിയർ ക്ലർക്ക് എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്.

12) ഓരോ 5 ശാഖകൾക്കും ഓരു ഇൻസ്പെക്ടർ ഓഫ് ബ്രാഞ്ചസ് അനുവദിക്കാവുന്നതാണ്.

13) പുതിയ ശാഖകൾ അനുവദിക്കുമ്പോൾ സ്റ്റാഫ് പാറ്റേണിൽ അധികരിച്ച് അധികം തസ്തിക ആവശ്യമാകുന്ന പക്ഷം അനുബന്ധ രേഖകൾ സഹിതം ആയതിന് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്.

14) വാഹനമുള്ള ബാങ്കുകൾക്ക് ഒരു ഡ്രൈവർ തസ്തികകളിൽ അനുവദിക്കാവുന്നതാണ്.

15) സ്റ്റാഫ് പാറ്റേൺ പ്രകാരം അനുവദനീയമായ പരമാവധി തസ്തിക നിയമനം നടത്തുമ്പോൾ ബാങ്ക് നഷ്ടത്തിലാകുന്നില്ലെന്ന് ഭരണ സമിതി ഉറപ്പുവരുത്തേണ്ടതാണ്.

16) രജിസ്ട്രാർ അംഗീകരിച്ച് നൽകുന്ന പുതുക്കിയ ക്ലാസിഫിക്കേഷൻ പ്രകാരമുള്ള സ്റ്റാഫ് പാറ്റേണിൽ അനുവദനീയമായ തസ്തികളിൽ നിയമനം നടത്തുന്നതിന് ബാങ്കിന് അധികാരമുണ്ടായിരിക്കുന്നതാണ്.

17) ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയിക്കുമ്പോൾ പുതുക്കിയ സ്റ്റാഫ് പാറ്റേൺ പ്രകാരം അനുവദനീയമായതിൽ കൂടുതൽ ജീവനക്കാർ നിലവിൽ ബാങ്കിൽ ജോലി നോക്കുന്നുണ്ടെങ്കിൽ ടി തസ്തികൾക്ക് സംരക്ഷണം ഉണ്ടായിരിക്കുന്നതും ടി തസ്തികകൾ

സൂപ്പർ ന്യൂമററി ആയി കണക്കാക്കുന്നതും ഭാവി ഒഴിവുകളിൽ ക്രമീകരിക്കേണ്ടതു മാണ്. ഇത്തരം ബാങ്കുകളിൽ സൂപ്പർ ന്യൂമററി തസ്തികളിൽ അവസാനിക്കുന്നതു വരെ യാതൊരു കാരണവശാലും പുതുക്കിയ തസ്കിക സൃഷ്ടിക്കാൻ പാടുള്ളതല്ല.

18) എല്ലാ അർബൻ സഹകരണ ബാങ്കുകളും ഒരു മാസത്തിനകം ചട്ടത്തിൽ പരാമർശി ക്കുന്ന പ്രകാരം ക്ലാസിഫിക്കേഷൻ പുനർ നിർണ്ണയിക്കേണ്ടതും ആയത് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാരും അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാരും ഉറപ്പാ ക്കേണ്ടതുമാണ്.

19) ക്ലാസിഫിക്കേഷനുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ രണ്ടാഴ്ചയ്ക്കുള്ളിൽ നടപടി പൂർത്തിയാക്കി ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയ്ക്കായി സമർപ്പിക്കേണ്ടതാണ്. അസിസ്റ്റന്റ് രജിസ്ട്രാർ, യൂണിറ്റ് ഇൻസ്പെക്ടർ തലത്തിൽ യഥാസമയം നടപടി എടുക്കാതെ പ്രൊപ്പോസ ലുകൾ സൂക്ഷിക്കുന്ന പക്ഷം ഇക്കാര്യത്തിൽ കർശന നടപടി ജോയിന്റ് രജിസ്ട്രാർ (ജനറൽ) തലത്തിൽ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്,
കെ.ഗോപാലകൃഷ്ണ ഭട്ട്, ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

**<u>പകർപ്പ്:-</u>**

1) രജിസ്ട്രാർ,
ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, ഉപരിപത്രം സഹിതം, എറണാകുളം
2) സെക്രട്ടറി, കേരള നിയമസഭ- ഉപരിപത്രം സഹിതം.
3) എല്ലാ അർബൻ ബാങ്കുകൾക്കും
4) എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
5) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
6) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/അസിസ്റ്റന്റ് ഡയറക്ടർ
(ആഡിറ്റ്) മാർക്കും
7) ഈ ആഫീസിലെ എല്ലാ സെക്ഷനുകൾക്കും
8) കേരള സഹകരണ അർബൻ ബാങ്ക് ഫെഡറേഷൻ, മള്ളൂർ റോഡ്, തിരുവനന്തപുരം
9) സെക്രട്ടറി, സഹകരണ യൂണിയൻ
10) എഡിറ്റർ സഹകരണ വീഥി/സഹകരണ ജേർണൽ
11) വെബ്സൈറ്റ്
12) സ്റ്റോക്ക് ഫയൽ/സ്പെയർ.

| Name of Urban Co-operative bank | | | | Amount in lakhs | | | | |
|---|---|---|---|---|---|---|---|---|
| Position | | | | | | | | |
| Financial Year/Month | Monthly Average Working Capital | Monthly Average Deposits | Monthly Average Loan outstanding | Gross NPA as on 31.03.... | Net NPA as on 31.3..... | CRAR as on 31.03... | Year/Years working in profir | Year/Year declared devidend |
| April | | | | | | | | |
| May | | | | | | | | |
| June | | | | | | | | |
| July | | | | | | | | |
| August | | | | | | | | |
| September | | | | | | | | |
| October | | | | | | | | |
| November | | | | | | | | |
| December | | | | | | | | |
| January | | | | | | | | |
| February | | | | | | | | |
| March | | | | | | | | |
| Total | | | | | | | | |

| Name of Urban Co-operative bank | | | | | Proposed classification | |
|---|---|---|---|---|---|---|
| Name of the Branch (Specify in case of Main Head Office Branch) | | | | | | |
| Financial Year 20...20... | working Capital average | Average Deposits | Deposit above the base level of 4crores | Individual loan Outstanding Average | Average Number of chalan/ Vouchers / credit slips Debt Slips per day | Average Number of Chalan Vouchers Credit Debt Slips Excess above the base level of 200 |
| April | | | | | | |
| May | | | | | | |
| June | | | | | | |
| July | | | | | | |
| August | | | | | | |
| September | | | | | | |
| October | | | | | | |
| November | | | | | | |
| December | | | | | | |
| January | | | | | | |
| February | | | | | | |
| March | | | | | | |
| Total | | | | | | |
| | | | | | | |